# അക്കാദമിക് മാസ്റ്റർ പ്ലാൻ

## ഗവ: എൽ.പി.എസ് വടക്കൻ വെളിയനാട്

# ധ്വനി



## താളുകൾ


1. ആമുഖം
2. പൊതു ലക്ഷ്യങ്ങൾ
3. വിദ്യാലയ ചരിത്രം
4. സ്കൂൾ മികവിന്റെ കാഴ്ച്ചപ്പാട്
5. നിലവിലെ അവസ്ഥാ വിശകലനം
6. പദ്ധതി പ്രവർത്തനങ്ങൾ
7. വിഷയമേഖലാ പ്രവർത്തനങ്ങൾ
8. പദ്ധതി രൂപീകരണ പ്രക്രിയ പ്രശ്നങ്ങൾ - വെല്ലുവിളികൾ
9. ഉപസംഹാരം

# ആമുഖം

കുന്നങ്കേരി ഭാഗത്ത് നിന്നും കുട്ടികൾ എത്തിച്ചേരുന്നു. ഇരുന്നൂറിലധികം കുട്ടികൾ പഠിച്ചിരുന്ന ഈ സ്കൂളിൽ ഇന്ന് 50 കുട്ടികളും 5 സ്ഥിര അധ്യാപകരും ഒരു PTCM ഉം ജോലി ചെയ്തു പോരുന്നു.

നാട്ടുകാരിൽ ഭൂരിഭാഗവും സാധാരണക്കാരും കൃഷിക്കാരുമാണ്. AC റോഡിൽ നിന്ന് ചെറിയൊരു റേഡ് ഈ പ്രദേശത്തേക്ക് ഉണ്ടെങ്കിലും രാവിലെ രണ്ട് ബസ് മാത്രമാണ് ഈ പ്രദേശത്തേക്കുള്ളത്. ആയതിനാൽ യാത്രാക്ലേശം വലിയൊരു പ്രശ്നമായി ഇന്നും നിലകൊള്ളുന്നു.

## ലക്ഷ്യങ്ങൾ

- ❖ കുട്ടികളുടെ എണ്ണം 50 ൽ നിന്നും 100 ആയി ഉയർത്തുക.
- ❖ മുഴുവൻ ക്ലാസ്സ് റൂമുകളേയും Smart ക്ലാസ്സ് മുറികളാക്കുക.
- ❖ പുതിയ സ്കൂൾ കെട്ടിടം പുനർ നിർമ്മിക്കുക.
- ❖ പ്രീ പ്രൈമറി അംഗീകാരം നേടുക.
- ❖ പ്രീ പ്രൈമറി കുട്ടികൾക്ക് ആകർഷണീയമായ ക്ലാസ്സ് മുറികൾ നിർമ്മിക്കുക.
- ❖ SMC യുടെ പങ്കാളിത്തത്തോടെ സ്കൂൾ, ലൈബ്രറി എന്നിവ കൂടുതൽ മെച്ചപ്പെടുത്തുക.
- ❖ ജൈവ വൈവിധ്യ ഉദ്യാനത്തിന്റെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുക.
- ❖ ഗണിത ലാബ്, ശാസ്ത്ര ലാബ് എന്നിവയുടെ അടിസ്ഥാന സൗകര്യങ്ങൾ വിപുലീകരിക്കുക.
- ❖ എല്ലാ സാമൂഹിക വിഭാവങ്ങളേയും സ്കൂളിലേയ്ക്ക് ആകർഷിക്കുക.
- ❖ കുട്ടികൾക്കായി ഗതാഗത സൗകര്യങ്ങൾ ഒരുക്കുക.
- ❖ സ്കൂൾ ചുറ്റുമതിൽ ഉയർത്തി നവീകരിക്കുക.
- ❖ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് ഇല്ലാതാക്കുക.
- ❖ സ്കൂൾ ഗ്രൗണ്ട്, മണ്ണിട്ട് ഉയർത്തി തറയോട് പാക്കുക.
- ❖ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുക.
- ❖ ഭിന്നശേഷിക്കാരെ പ്രത്യേക പരിഗണന നൽകിക്കൊണ്ട് മുഖ്യധാരയിലേക്ക് കൊണ്ട് വരിക.
- ❖ അമ്മ വായന, കുട്ടി വായന പ്രോത്സാഹിപ്പിക്കുക.
- ❖ കുട്ടികളുടെ സർഗ്ഗവാസനകൾ വളർത്തുവാൻ സാഹിത്യ സദസ്സുകൾ സംഘടിപ്പിക്കുക.
- ❖ വർഷത്തിൽ രണ്ട് തവണയെങ്കിലും കുട്ടികളുടെ വീടുകൾ സന്ദർശിക്കുക.
- ❖ സ്കൂളും പരിസരവും മാലിന്യമുക്തമാക്കുക.
- ❖ കുട്ടികളിൽ ഇംഗ്ലീഷ് ആശയവിനിമയത്തിനുള്ള പ്രാവണ്യം നേടുക.
- ❖ പരമാവധി കുട്ടികളെ മേളകളിലും കലോത്സവത്തിലും പങ്കെടുപ്പിച്ച് വിജയത്തിലെത്തിക്കുക.

# വിദ്യാലയ ചരിത്രം

കുട്ടനാട്ടിൽ പമ്പാ നദിയുടെ തീരത്ത് കുന്നുമ്മ വില്ലേജിൽ കാവാലം ഗ്രാമപഞ്ചായത്തിൽ വടക്കൻ വെളിയനാട്ടിൽ സ്വാതന്ത്ര്യ ലബ്ധിക്ക് വർഷങ്ങൾക്ക് മുന്നേ 1911-ൽ ഗവ. എൽ.പി.എസ്. സ്ഥാപിതമായി. 35½ സെന്റ് സ്ഥലത്ത് 1 മുതൽ 5-ാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്ക് അറിവ് പകർന്ന് വിദ്യാലയം തലയുയർത്തി നിൽക്കുന്നു. വിദ്യാലയം തുടങ്ങിയ ആദ്യ നാളുകളിൽ ഗ്രാമപ്രദേശമായതിനാൽ നൂറോളം വിദ്യാർത്ഥികൾ വിദ്യ അഭ്യസിച്ചിരുന്നു. പിന്നീട് വർഷങ്ങൾക്ക് ശേഷം വടക്കൻ വെളിയനാട് പ്രദേശത്തെ മുഴുവൻ വിദ്യാർത്ഥികളും അയൽപക്ക വിദ്യാലയമായ ഈ വിദ്യാലയത്തിൽ നിന്ന് അറിവ് നേടി. അനേകം തലമുറകളെ അറിവ് നൽകി വാർത്തെടുക്കുന്നതിൽ നിർണ്ണായക പങ്ക് വഹിച്ചതാണ് ഗവ. എൽ.പി.എസ്. വടക്കൻ വെളിയനാട്. ഇന്ന് പ്രീ പ്രൈമറി മുതൽ അഞ്ചാം ക്ലാസ്സ് വരെയുള്ള കുട്ടികൾ ഇവിടെ പഠനം നടത്തിവരുന്നു...

## സ്കൂൾ മികവിന്റെ കാഴ്ച്ചപ്പാട്

പരിസ്ഥിതി സൗഹാർദ്ദപരമായി പഠനം കാര്യക്ഷമമാക്കുക. പരിസ്ഥിതി ക്ലബ്ബുകൾ, ഫീൽഡ് ട്രിപ്പ് എന്നിവ പഠനത്തോടൊപ്പം നടത്തുക. ശുചിത്വസേന, ശിചിത്വ ക്ലബ്ബ് എന്നിവയുടെ നേതൃത്വത്തിൽ സ്കൂൾ പരിസരം വൃത്തിയുടെ കേന്ദ്രമാക്കിമാറ്റുക. ഇതിനായി MPTA യുടെ സഹായം തേടുക.

സ്മാർട്ട് ക്ലാസ്റൂം ഏർപ്പെടുത്തി കളം അധിഷ്ഠിതമാക്കി എല്ലാ പഠന പ്രവർത്തനങ്ങളും ആസൂത്രണം ചെയ്യുക. ഇതിന് ഇന്റർനെറ്റ് സൗകര്യം, ലാപ്ടോപ്പ് എന്നിവ പ്രയോജനപ്പെടുത്തുക.

ഭാഷാപഠനത്തിന് കൂടുതൽ ഭാഷാകേളികൾ നടത്തുക. കളം അധിഷ്ഠിതമായി ഭാഷാ പരീക്ഷണ ശാലകൾ നിർമ്മിക്കുക. സംയുക്ത ഡയറി, റിഡേഴ്സ് തീയേറ്റർ, പോസ്റ്ററുകൾ, ചുമർപത്രം, നാടകം, സ്കിറ്റുകൾ, കഥാരചന, കവിതരചന, പ്രസംഗമത്സരം ഇവ പഠനപ്രവർത്തനങ്ങൾക്കൊപ്പം നടത്തി ഭാഷാമെച്ചപ്പെടുത്തുക.

ഇംഗ്ലീഷ് ഹിന്ദി എന്നീ വിഷയങ്ങൾ പഠിപ്പിക്കുന്ന സമയത്ത് ഈ ഭാഷ കൈകാര്യം ചെയ്യുക. അതിലൂടെ കുട്ടികൾക്ക് ഭാഷാ പരിജ്ഞാനം ഉണ്ടാക്കുക. എല്ലാ ദിവസവും ഏതെങ്കിലും ഒരു വസ്തുവിനെക്കുറിച്ച് (ഹിന്ദി, ഇംഗ്ലീഷ്, ഭാഷകളിൽ) ആശയങ്ങൾ കുട്ടികൾക്ക് വ്യക്തിഗമായി എഴുതാൻ പര്യാപ്തമാക്കുക. ഹിന്ദി, ഇംഗ്ലീഷ് ഭാഷാ പത്രവാർത്ത അസംബ്ലിയിൽ ഉൾപ്പെടുത്തുക.

എസ്.ആർ.ജി : മാസത്തിൽ കുറഞ്ഞത് 3 യോഗങ്ങൾ വ്യക്തിപര പങ്കുവെയ്ക്കൽ പ്രശ്നങ്ങൾ ചർച്ചചെയ്യൽ പരിഹാര മാർഗ്ഗങ്ങൾ ആവിഷ്കരിക്കൽ ചുമതല വിഭജനം അവലോകനം എന്നിവ നടത്തുക.

പി.റ്റി.എ : എസ്.എം.സിക്ക് കീഴിൽ പ്രവർത്തിക്കുന്നു. ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തൽ ഫണ്ട് വിനിയോഗം ഇവയുടെ മേൽനോട്ടം അംഗങ്ങളെല്ലാം സജീവം.

എം .പി .റ്റി .എ : ദിനാചരണങ്ങൾ, ആഘോഷങ്ങൾ എന്നിവയിൽ പങ്കാളിത്തം എസ്.എം.സിയുടെ ഭാഗമായി പ്രവർത്തിക്കുന്നു. ഉച്ചഭക്ഷണ സമിതിയുടെ മേൽനോട്ടം.

എസ്.എം.സി : സജീവമായ പ്രവർത്തനം നടത്തി വരുന്നു. സുപ്രധാന തീരുമാനങ്ങളിൽ എസ്.എം.സി യുടെ മുഖ്യപങ്കും മേൽനോട്ടവും നിർമ്മാണ പ്രവർത്തനങ്ങളുടെ ഫണ്ട് വിനിയോഗം വിലയിരുത്തൽ മികവുകളും പോരായ്മകളും സംബന്ധിച്ച നിർദ്ദേശങ്ങൾ നൽകുന്നു.

എസ്.എസ്.ജി : സജീവം പ്രത്യേകയോഗങ്ങൾ ചേരുന്നു പൊതുസമൂഹത്തെ കൂടുതൽ ഉൾക്കൊള്ളിക്കുന്നു.

സ്കൂൾ വികസനസമിതി : തദ്ദേശഭരണ സ്വയംഭരണ സ്ഥാപനം പൊതുപ്രവർത്തകർ സ്വയം സഹായ സംഘങ്ങൾ ക്ലബ്ബുകൾ പൂർവ്വ വിദ്യാർത്ഥികൾ സാമ്പത്തിക പിന്തുണക്കാർ എന്നിവരെ സമഗ്രമായി ഉൾക്കൊള്ളിച്ച് വിപുലപ്പെടുത്തണം.

ക്ലബ്ബ് പ്രവർത്തനങ്ങൾ : അഞ്ച് ക്ലബ്ബുകൾ സജീവമായി പ്രവർത്തിക്കുന്നു വിദ്യാരംഗം, ഗണിതം, സാമൂഹിക ശാസ്ത്രം, ആരോഗ്യം, ശാസ്ത്രം എന്നിവ ഓരോന്നിലും പ്രത്യേകം ചുമതലക്കാരും നേതാക്കളും

| | | |
|---|---|---|
| | | മാസംതോറും പ്രവർത്തന കലണ്ടർ അനുസരിച്ചുള്ള പരിപാടികൾ ദിനാചരണങ്ങൾ ആഘോഷങ്ങൾ പഠന പ്രവർത്തനങ്ങൾ എന്നിവ ക്ലബ്ബുകളുടെ ആഭിമുഖ്യത്തിൽ നടക്കുന്നു. |
| ലാബ് പ്രവർത്തനങ്ങൾ | : | കമ്പ്യൂട്ടർ ലാബ് പ്രവർത്തിക്കുന്നു. ഗണിത ലാബ്, സയൻസ് ലാബ് ഉപകരണങ്ങൾ എന്നിവ ഉണ്ട്. |
| തനതു പരിപാടികൾ | : | മലയാള തിളക്കം, മധുരം മലയാളം, സംയുക്ത ഡയറി, സചിത്ര ബുക്ക്, റീഡേഴ്സ് തിയറ്റർ, ഹലോ ഇംഗ്ലീഷ്, മറ്റ് വിദ്യാലയ പ്രവർത്തനങ്ങൾ. |

## നിലവിലെ അവസ്ഥ വിശകലനം

| നമ്പർ | വിഭാഗം | നിലവിലുള്ളത് | ഇനി ആവശ്യമുള്ളത് |
|---|---|---|---|
| 1 | ക്ലാസ് മുറി | 5 | 0 |
| 2 | ശുദ്ധജല സൗകര്യം | 1 | 0 |
| 3 | പ്രധാന അധ്യാപിക മുറി | 1 | 0 |
| 4 | ചുറ്റുമതിൽ | 45 മീറ്റർ | 45 മീറ്റർ പുനരുദ്ധാരണം |
| 5 | ലൈബ്രറി വായനശാല | 1 | 0 |
| 6 | കളിസ്ഥലം | 1 | 0 |
| 7 | റാമ്പ്,റെയിൽ | 1 | 0 |
| 8 | പാചകപ്പുര | 1 | 0 |
| 9 | ICD Projector and Screen<br>സൗണ്ട് അപ്ലിക്കേഷൻ<br>സിസ്റ്റം | 1 | 0 |
| 10 | വൈറ്റ് ബോർഡ് | 2 | 2 |
| 11 | ലാപ്ടോപ്പ്, കമ്പ്യൂട്ടർ | 5 | 0 |
| 12 | ക്ലാസുകളിൽ കുടിവെള്ള<br>സംഭരണി | 0 | 0 |
| 13 | ബുക്ക് റാക്ക്/ഷെൽഫ് | 2 | 0 |
| 14 | ഡിജിറ്റൽ ക്യാമറ | 0 | 1 |
| 15 | ഡിവിഡി പ്ലെയർ | 0 | 1 |

1 മുതൽ 5 വരെ ക്ലാസുകളിലായി 5 സ്ഥിര അധ്യാപകരാണ് ഉള്ളത്. നാലധ്യാപകർക്ക് യഥാക്രമം 1, 2, 3, 4, ക്ലാസുകളുടെ ചാർജ്ജാണുള്ളത്. പ്രധാനാധ്യാപികയും മറ്റു അധ്യാപകരും ചേർന്നാണ് അഞ്ചാം ക്ലാസിലെ വിവിധ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നത്.

<u>ചുമതലകൾ</u>

ഗണിത ക്ലബ്ബ് –

ശാസ്ത്ര ക്ലബ്ബ് –

സയൻസ് ക്ലബ്ബ് –

ശുചിത്വ ക്ലബ്ബ് –

എസ്.ആർ.ജി –

ലൈബ്രറി –

വിദ്യാരംഗം കല –

സാഹിത്യവേദി –

## പ്രശ്നങ്ങൾ വെല്ലുവിളികൾ

ഇന്നത്തെ അവസ്ഥയിൽ സ്കൂളിൽ അഭിമുഖീകരിക്കുന്ന വലിയൊരു പ്രശ്നം ഇംഗ്ലീഷ് മീഡിയം സ്കൂളുകളുടെ കടന്നുവരവാണ്. അൺ എയ്ഡഡ് സ്കൂളുകളിലേക്കുള്ള കുട്ടികളുടെ പോക്ക് തടഞ്ഞെങ്കിൽ മാത്രമേ സ്കൂളിൽ കുട്ടികൾ ആവശ്യത്തിനു വരുകയുള്ളു. ചില മാതാപിതാക്കൾക്ക് വിദ്യാലയത്തോടുള്ള മനോഭാവം സ്കൂളിന്റെ പ്രവർത്തന പുരോഗതിയെ ബാധിക്കുന്നു. സമീപസ്ഥരായ വിദ്യാർത്ഥികൾ പോലും വിദൂര വിദ്യാലയങ്ങൾ തെരഞ്ഞെടുക്കുന്നു. ഇത് സ്കൂളിന്റെ ഏറ്റവും വലിയ വെല്ലുവിളിയാണ്.

**പരിഹാര മാർഗങ്ങൾ**

- പ്രദേശത്ത് അൺ എയ്ഡഡ് സ്കൂളുകളുടെ വാഹനങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തി പ്രദേശവാസികളായ കുട്ടികളെ സ്കൂളിലേക്ക് കൊണ്ടുവരിക.

## പദ്ധതി പ്രവർത്തനങ്ങൾ

**ഭൗതീകം**

മെച്ചപ്പെട്ട ഭൗതീക സൗകര്യങ്ങൾ ഒരുക്കുക, ഗതാഗതസൗകര്യങ്ങളുടെ അപര്യാപ്തത ക്ലാസ് മുറികൾ ഹൈടെക് ആക്കുക.

- ❖ സ്കൂൾ മുറ്റം തറയോട് പാകി വൃത്തിയാക്കുക
- ❖ ചുറ്റുമതിൽ പുനരുദ്ധാരണം
- ❖ ജൈവവൈവിധ്യ പാർക്ക്
- ❖ ശലഭോദ്യാനം
- ❖ ഗ്രൗണ്ട് ലവലിങ്

സാമൂഹികം

- മാസത്തിൽ കുറഞ്ഞത് ഒരു ദിനാചരണമെങ്കിലും വിപുലമായി സംഘടിപ്പിക്കൽ
- പൊതു സദസ്സുകൾ
- ബോധവൽക്കരണ ക്ലാസുകൾ

സാമൂഹികം

- മാസത്തിൽ കുറഞ്ഞത് ഒരു ദിനാചരണമെങ്കിലും വിപുലമായി സംഘടിപ്പിക്കൽ
- പൊതു സദസ്സുകൾ
- ബോധവൽക്കരണ ക്ലാസുകൾ

വിഷയമേഖലാ പ്രവർത്തനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ ഫലപ്രദമായി വായിക്കാനും എഴുതുവാനുമുള്ള ശേഷി വികസിപ്പിക്കൽ. | സ്പെല്ലിങ് ടെസ്റ്റ് എല്ലാ ദിവസവും ഇംഗ്ലീഷ് ഭാഷ വികസനവുമായി ബന്ധപ്പെട്ട് അവധി ദിവസങ്ങളിൽ ക്യാമ്പ് സംഘടിപ്പിക്കും. പുറമേ നിന്നുള്ള അധ്യാപകരെ വെച്ച് പ്രവർത്തനം ആസൂത്രണം. | മാസത്തിലെ അവസാന ശനി | അധ്യാപകർ | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും |
| ഭാഷ എല്ലാ കുട്ടികൾക്കും വായിക്കാനും അക്ഷര തെറ്റില്ലാതെ എഴുതുവാനും പ്രാപ്തരാക്കുക. | വായന കാർഡ് പദ ശേഖരണം ചങ്ങല വായന അക്ഷരക്കളികൾ ചിത്രക്കാർഡ് | ജനുവരി ഫെബ്രുവരി മാർച്ച് | അധ്യാപകർ | ടീച്ചേഴ്സ് ഗ്രാൻഡ് |
| സംഖ്യാബോധം ചതുഷ്ക്രിയകൾ അളവുകൾ | കളി നോട്ട്, മഞ്ചാടി, കമ്പ് കെട്ട്, അളവു പാത്രങ്ങൾ, സംഖ്യ പോക്കറ്റ്, സംഖ്യാ കാർഡ് | ജനുവരി മാർച്ച് | അധ്യാപകർ | ടീച്ചേഴ്സ് ഗ്രാൻഡ് |
| ശാസ്ത്രം (CWSN) | നിരീക്ഷണം,പരീക്ഷണം, വർഗീകരണം, താരതമ്യം | ജനുവരി മാർച്ച് | അധ്യാപകർ | ടീച്ചേഴ്സ് ഗ്രാൻഡ് |
| കലാകായികം, ആരോഗ്യം, പ്രവർത്തിപഠനം (CWSN) | ബാലസഭ | ജനുവരി മാർച്ച് | അധ്യാപകർ | ടീച്ചേഴ്സ് ഗ്രാൻഡ് |

## പ്രശ്നങ്ങൾ വെല്ലുവിളികൾ

| അക്കാദമികം | സാമൂഹികം | ഭൗതികം |
| --- | --- | --- |
| ഇന്റർനെറ്റ് ലഭ്യതക്കുറവ് | പ്രദേശവാസികളായ കുട്ടികളെ അൺ എയ്ഡഡ് സ്കൂളുകളിൽ വിടുന്നത് | യാത്ര സൗകര്യം ഇല്ലായ്മ |
| ലാബ് സൗകര്യം ഇല്ലായ്മ | അൺ എയ്ഡഡ് സ്കൂളുകളാണ് മികച്ചതെന്ന അജ്ഞാത | ഒരു ക്ലാസ് മുറിയുടെ അഭാവം |
| പ്രീ പ്രൈമറി | | ചുറ്റുമതിൽ പുനരുദ്ധാരണം |
| | | ഗ്രൗണ്ട് ലവലിങ് |
| | | തായോട് പാകൽ |

# പദ്ധതി രൂപീകരണ പ്രക്രിയ

## അക്കാദമികം

- കഴിവതും എല്ലാ ആഴ്ചകളിലും SRG യോഗങ്ങൾ മാസത്തിൽ കുറഞ്ഞത് 4 എണ്ണം വർഷത്തിൽ 30 യോഗങ്ങൾ എങ്കിലും സംഘടിപ്പിക്കുക.
- മലയാളം ഇംഗ്ലീഷ് എന്നിവ നന്നായി എല്ലാ കുട്ടികളും വായിക്കുക
- ഓരോ മാസവും പുതിയ അക്കാദമിക ലക്ഷ്യം ഏറ്റെടുക്കണം. പ്രതിമാസ ക്ലാസ്സ് PTA കൾ ഓരോ യോഗത്തിലും കുട്ടികളുടെ മികവിന്റെ തെളിവുകളുടെ പ്രദർശനം, പവർ പോയിന്റ് പ്രസന്റേഷൻ സഹിതം ടീച്ചറിന്റെ വിലയിരുത്തൽ കുറിപ്പുകളുടെ അവതരണം. ഗൃഹ സന്ദർശനം വർഷത്തിൽ കുറഞ്ഞത് 4 തവണയെങ്കിലും.
- ഇംഗ്ലീഷ് ആശയവിനിമയം സാധ്യമാക്കുക.
- പ്രതിമാസ SMC യോഗങ്ങൾ ഓരോ യോഗത്തിലും അക്കാദമിക ഭൗതീക സമൂഹ സമ്പർക്ക പരിപാടികൾ നിശ്ചയിക്കും. മേൽനോട്ടം വർഷത്തിൽ കുറഞ്ഞത് 7 തവണ.
- മേളകളിലും കലോത്സവത്തിലും കൂടുതൽ കുട്ടികളെ പങ്കെടുപ്പിച്ച് വിജയത്തിലെത്തിക്കുക.

## ഭൗതികം

- ചുറ്റുമതിൽ ഉയർത്തി പുനരുദ്ധാരണം നടത്തുക
- സ്കൂൾ ഗ്രൗണ്ട് മണ്ണിട്ട് ഉയർത്തി തറയോട് പാകുക
- പൂർവ്വ വിദ്യാർത്ഥികളുടെ സഹായത്താൽ സ്കൂൾ വരാന്തയുടെ താഴ്ഭാഗത്തെ മുറ്റത്തിന് തറയോട് പാകാൻ ഫണ്ട് ശേഖരിക്കുക.
- സ്കൂൾ കെട്ടിടം മെച്ചപ്പെടുത്തൽ, ഭക്ഷണശാല സ്ഥാപിക്കൽ

## ഉപസംഹാരം

ഓരോ വിദ്യാലയവും മികവിന്റെ കേന്ദ്രങ്ങളാണ്. അക്കാദമിക മികവാണ് വിദ്യാലയത്തിന്റെ മികവ് ഈ ആശയങ്ങളിൽ ഊന്നിയാണ് വിദ്യാലയ പദ്ധതിക്ക് രൂപം നൽകിയത്. ഓരോ മേഖലയിലും വിദ്യാലയം കൈവരിച്ച നേട്ടങ്ങൾ ഭൗതികവും അക്കാദമികവും സാമൂഹികവുമായ മേഖലകളിലെ വികസനം ഈ കാലയളവിൽ വിദ്യാലയത്തിനുണ്ടായ നേട്ടങ്ങൾ ഇവയെല്ലാം മേൽ പ്രതിപാദിച്ചിരിക്കുന്നു. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നമ്മുടെ വിദ്യാലയത്തിന്റെ പുരോഗതിക്കും അതിലൂടെ വിദ്യാലയം മികവിന്റെ കേന്ദ്രവും സാംസ്കാരിക സ്മാരകവുമായി വരും തലമുറയ്ക്ക് കൈമാറുന്നതിനും ഈ വിദ്യാലയത്തെ നിധി പോലെയാണ് കാത്തുസൂക്ഷിച്ച് നൂറ്റാണ്ടുകൾ നിലനിർത്തുന്നതിനുള്ള നമ്മുടെ സ്വപ്നമാണ് ഈ വിദ്യാലയ പദ്ധതി രൂപീകരണ രേഖയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.